# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *427 | 21/03/2018-ൽ മറുപടി

## പറമ്പിക്കുളം-ആളിയാർ നദീതട ജലവിതരണ കരാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. ജി.എസ്.ജയലാൽ<br>ശ്രീ. വി.ആർ.സുനിൽ കുമാർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പറമ്പിക്കുളം - ആളിയാർ നദീതട ജലവിതരണ കരാർ എന്നാണ് നിലവിൽ വന്നതെന്നും ആയത് പുതുക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ; | എ) 1970 മേയ് 29 ന് നിലവിൽ വന്ന പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി) കരാറിന് 1958 നവംബർ 9 മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്. പി.എ.പി കരാർ പുതുക്കാൻ വ്യവസ്ഥയില്ല. എന്നാൽ കരാറിന്റെ ഖണ്ഡിക 5 (സി) അനുസരിച്ച് ഉഭയകക്ഷി സമ്മതപ്രകാരം കരാറിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ഓരോ മുപ്പത് വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്. എങ്കിലും കരാർ പുനരവലോകനം നടത്താൻ ഇതുവരെ സാധി ച്ചിട്ടില്ല. |

(ബി) കേരളത്തിന് കൃഷിക്കും കുടിവെള്ളത്തിനുമായി കരാർ പ്രകാരമുള്ള ജലം ലഭിക്കാത്തത് സംസ്ഥാനത്തെ ഏതൊക്കെ തരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കാമോ;

ബി) പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ നിന്ന് കരാർ പ്രകാരമുള്ള വെള്ളം ലഭിക്കാതെ വന്നാൽ മീങ്കര ഡാം, ചിറ്റൂർപുഴ, കുന്നാങ്കാട്ടുപതി റെഗുലേറ്റർ, ഗായത്രിപുഴ, തിരുനെല്ലായ് പുഴ, ഭാരത പുഴ, എന്നിവ സ്രോതസ്സായ വിവിധ കുടിവെള്ള പദ്ധതികൾക്ക് ആവശ്യമായ ജലം ലഭിക്കാതെ വരും. ഇത് കാരണം തത്തമംഗലം മുൻസിപ്പാലിറ്റി, കൊല്ലങ്കോട്, മുതലമട, വടവന്നൂർ , കൊടുവായൂർ പുതുനഗരം, എരുത്തേമ്പതി ,വടകരപ്പതി, കൊഴിഞ്ഞാമ്പാറ, കൊടുമ്പ്, പൊൽപ്പുള്ളി, . കുത്തനൂർ, പെരിങ്ങോട്ടുകുറിശ്ശി, കുഴൽമന്ദം, തൃത്താല, ആനക്കര, ഒറ്റപ്പാലം, മുതുതല, ഓങ്ങല്ലൂർ, ഷൊർണ്ണൂർ, മുണ്ടായ, അമ്പലപ്പാറ, വെള്ളിയാട്, എന്നീ പഞ്ചായത്തുകളിലെ ജലവിതരണത്തെ ദോഷകരമായി ബാധിക്കും. കൂടാതെ ഭാരതപ്പുഴ, ഗായത്രി പുഴ, ചിറ്റൂർ പുഴ എന്നിവയിലെ ജല നിരപ്പ് കുറയുന്നത് പ്രാദേശികമായ കുടിവെള്ള സ്രോതസ്സുകളെയും പരോക്ഷമായി ബാധിക്കും. ഇതിനു പുറമെ മുകുന്ദപുരം , ആലുവ, കുന്നത്തുനാട് താലൂക്കുകളിലെ 19690 ഹെക്ടർ കൃഷി ഭൂമിയും കൃഷിയോഗ്യമല്ലാതാവുകയും ചെയ്യും. ചിറ്റൂർ, കൊല്ലങ്കോട്, മലമ്പുഴ, കുഴൽമന്ദം പ്രദേശത്തെ കൃഷികളെയും സാരമായി ബാധിക്കും.

(സി) പദ്ധതിയിലെ ജല ശേഖരത്തിന്റെ കണക്ക് സംയുക്ത ജല പരിശോധന നടത്തി കരാറിൽ ഉൾപ്പെടുത്തണമെന്ന യഥാർത്ഥ കരാറിലെ വ്യവസ്ഥ പാലിക്കപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

സി) പറമ്പിക്കുളം ആളിയാർ പദ്ധതി കരാറിന്റെ ഷെഡ്യൂൾ II ഖണ്ഡിക 3 (b) (i) ൽ വ്യക്തമാക്കിയിട്ടുള്ളതു പോലെ കേരളത്തിലേയും തമിഴ് നാടിലേയും ഉദ്യോഗസ്ഥർ സംയുക്തമായി , ജലക്രമീകരണ (ജെ.ഡബ്ല്യു.ആർ) ബോർഡിന്റെ മേൽനോട്ടത്തിൽ പറമ്പിക്കുളം

സിസ്റ്റവുമായി ബന്ധപ്പെടുത്തി ഡാമുകളിലെ 1970 മുതൽ 10 വർഷത്തെ ജലലഭ്യതയുടെ ശരാശരി തിട്ടപ്പെടുത്തി, കരാറിൽ പ്രതിപാദിച്ചിരിക്കുന്നതനുസരിച്ച് ജലം കേരളത്തിന് ലഭ്യമാക്കണമെന്ന്, സംയുക്ത ജലക്രമീകരണ ബോർഡ് യോഗത്തിൽ തമിഴ്നാടിനോടാവശ്യപ്പെട്ടിരുന്നു. എന്നാൽ തമിഴ്നാട് ഇതിനോട് അനുകൂലമായ സമീപനം പാലിച്ചിട്ടില്ല. കരാർ പുനരവലോകനം ചെയ്യുന്നതിനായി കേരളസർക്കാർ 1988 ൽ തമിഴ്നാടിനു കൈമാറിയ മെമ്മോറാണ്ടത്തിലും കേരളം ഈ ആവശ്യം ഉന്നയിച്ചിരുന്നു. കൂടാതെ കരാർ സംബന്ധിച്ച ഉഭയകക്ഷി ചർച്ചകളിൽ കേരളം ഈ ആവശ്യം നിരന്തരം ഉന്നയിച്ചു വരുന്നു.

(ഡി) കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുക്കുന്നതിൽ സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ?

ഡി) പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി) യിൽ നിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുക്കുന്നതിന് കേരളം ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അന്തർ സംസ്ഥാന നദീ ജലകരാറുകളിൽ കേരളത്തിന്റെ താൽപ്പര്യം പൂർണ്ണമായും സംരക്ഷിക്കുന്നതിനു വേണ്ടി ഭരണപരവും നിയമപരവുമായ എല്ലാ സാദ്ധ്യതകളും സംസ്ഥാനം ഉപയോഗപ്പെടുത്തുന്നുണ്ട്.

പി.എ.പി കരാറിന്റെ കാര്യത്തിൽ കരാർ പ്രകാരം ലഭിക്കേണ്ട ജലം, സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യു.ആർ.ബി) യോഗങ്ങളിൽ ശക്തമായ വാദമുഖങ്ങൾ ഉയർത്തി കേരളത്തിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കഴിയുന്നത്ര നേടിയെടുക്കാൻ ശ്രമിച്ചിട്ടുണ്ട്. ഇത് ഫലവത്താകാത്ത സാഹചര്യത്തിൽ സർക്കാർതലത്തിലുള്ള സമയോചിതമായ ഇടപെടലുകൾ നടത്തി വരുന്നുണ്ട്. ഇതിനു പുറമെ കേരള ജലസേചന വകുപ്പും, കേരള വൈദ്യുതി ബോർഡും, സർക്കാരും, പി.എ.പി കരാർ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തമിഴ് നാടിന് നടപ്പ് ജല വർഷത്തിൽ നിരവധി കത്തുകൾ അയച്ചിട്ടുണ്ട്.

19.01.2018 ന് തിരുവനന്തപുരത്ത് ചേർന്ന ബന്ധപ്പെട്ട സെക്രട്ടറിമാരുടെ ചർച്ചയ്ക്ക് സമാന്തരമായി ജെ.ഡബ്ല്യു. ആർ.ബോർഡിന്റെ ഒരു എക്സ്ട്രാ ഓർഡിനറി മീറ്റിംഗ് ചേരുകയും, ഈ ചർച്ചയിൽ 2018 ഫെബ്രുവരി 15 വരെ 400 ക്യുസക്സ് എന്ന തോതിൽ മണക്കടവ് വിയറിൽ ജലം ലഭ്യമാക്കാമെന്നും തമിഴ്നാട് സമ്മതിക്കുകയുമുണ്ടായി.

കൂടാതെ 20/02/2018-ൽ ഹൈദ്രാബാദിൽ ചേർന്ന ദക്ഷിണ സംസ്ഥാനങ്ങളുടെ ആദ്യ പ്രാദേശിക സമ്മേളനത്തിൽ പി.എ.പി സംബന്ധിച്ച കേരളത്തിന്റെ വാദങ്ങൾ അംഗീകരിച്ച ബഹു. കേന്ദ്ര ജലവിഭവ സഹമന്ത്രി, കരാർ വ്യവസ്ഥകൾ പാലിക്കുന്നതിനും കരാർ പ്രകാരം കേരളത്തിനർഹതപ്പെട്ട ജലം ലഭ്യമാക്കുന്നതിനും തമിഴ്നാടിനോട് നിർദ്ദേശിക്കുകയുണ്ടായി.

26.02.2018 ന് തമിഴ് നാടിലെ കോയമ്പത്തൂരിൽ കേരളത്തിന്റെ ജോയിന്റ് വാട്ടർ റഗുലേഷൻ ഡിവിഷൻ പാലക്കാടിന്റെ ജോയിന്റ് ഡയറക്ടറും, തമിഴ് നാടിന്റെ ജലവിഭവ വകുപ്പ് കോയമ്പത്തൂർ റീജിയൺ ചീഫ് എഞ്ചിനീയറും തമ്മിൽ നടന്ന ചർച്ചയിൽ കേരളത്തിന് 2018 മാർച്ച് 1 വരെ മണക്കടവ് വിയറിൽ 400 ക്യുസക്സ് എന്ന തോതിലും, 2018 മാർച്ച് 1 മുതൽ മാർച്ച് 15 വരെ 300 ക്യുസക്സ് എന്ന തോതിലും ജലം ലഭ്യമാക്കാമെന്ന് തമിഴ്നാട് സമ്മതിക്കുകയുണ്ടായി. തുടർന്നുള്ള ജല വിതരണം മാർച്ച് 15 ന് മുൻപായി ചേരാവുന്ന ഉന്നതതല

യോഗത്തിൽ പി.എ.പിയിലെ ജല ലഭ്യതയുടെ അടിസ്ഥാനത്തിൽ തീരുമാനിക്കാമെന്നും ധാരണയായി. യോഗ തീരുമാനമനുസരിച്ചുള്ള ജലം ഏറെക്കുറെ ലഭിച്ചിട്ടുണ്ട്. തുടർന്നുള്ള ദിവസങ്ങളിലെ ജലത്തിന്റെ വിതരണം കരാർ പ്രകാരം നടത്തണമെന്നാവശ്യപ്പെട്ട് തമിഴ്നാട് സെക്രട്ടറിയ്ക്ക് , കേരള ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കത്തയച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ